അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26



## ആമുഖം

കോഴിക്കോട് കോർപറേഷൻ 10ാം ഡിവിഷണിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ പ്രാഥമിക വിദ്യാലയമാണ് ജി.എം.എൽ.പി സ്കൂൾ എലത്തൂർ. 1905ൽ ആണ് ഈ വിദ്യാലയം സ്ഥാപിതമായത്. പ്രാദേശിക വ്യക്തികളുടെ മതപഠനം ലക്ഷ്യമാക്കി സ്ഥാപിച്ച മദ്രസ്സയാണ് പിൽക്കാലത്ത് സർക്കാർ ഏറ്റെടുത്ത് പൊതു വിദ്യാലയമാക്കി മാറ്റിയത്. എലത്തൂരിലെ തീരദേശനിവാസികളായ, മുസ്ലിം വിഭാഗത്തിൽ പെടുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളാണ് ഈ വിദ്യാലയത്തിൽ ഏറിയ പങ്കും പഠിച്ചു വരുന്നത്. സമൂഹത്തിന്റെ നാനാതുറയിൽപെട്ട നിരവധി വ്യക്തികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം പ്രാപ്തമാക്കാനും അവരെ സമൂഹത്തിന്റെ ഉന്നതധാരയിലെത്തിക്കാനും ഈ വിദ്യാഭ്യാസത്തിന് സാധിച്ചിട്ടുണ്ട്.

1 ഏക്കർ 29 സെന്റ് വിസ്തൃതിയുള്ള കോംപൗണ്ടിൽ മൂന്നു കെട്ടിടങ്ങളാണ് സ്കൂളിനുള്ളത്. കൂടാതെ ഒരു അംഗൻവാടിയും ഈ സ്ഥലത്ത് പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ഈ വിദ്യാലയം ഏറെ മുൻപന്തിയിലാണ്. ഈ വർഷം ഇന്ത്യൻ ഓയിൽ കോർപറേഷന്റെ സഹായത്താൽ ലഭിച്ച ഒരു സ്മാർട്ട് ക്ലാസ്സ് റൂമിന്റെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. കൂടാതെ കോഴിക്കോട് പാർലിമെന്റ് നിയോജക മണ്ഡലം എം. പി യുടെ ഫണ്ടിൽ നിന്ന് ഒരു ടോയ്‌ലറ്റ് കോംപ്ലക്സും അനുവദിച്ചിട്ടുണ്ട്.

വിദ്യാലയം ഇന്നു നേരിട്ടു കൊണ്ടിരിക്കുന്ന പ്രതിസന്ധി കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവാണ്. പൊതു സമൂഹത്തിന് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അമിത താൽപര്യമാണ് ഇതിനുകാരണം. ആയൽപക്ക വിദ്യാലയങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിലേക്കും സ്കൂളിനു തൊട്ടടുത്തു തന്നെ ആരംഭിച്ച ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കും കുട്ടികളെ അയക്കാനാണ് രക്ഷിതാക്കൾക്കു താൽപര്യം കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇതാണ് അവസ്ഥ. 2014-2015 വർഷം എസ്. എസ് എയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഫോക്കസ് പദ്ധതിപ്രകാരം കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും വേണ്ടത്ര വിജയം കണ്ടില്ല.

സ്കൂൾ എസ് എസ് ജിയുടെ ശ്രമഫലമായി 2015-16 വർഷം സ്കൂളിൽ തന്നെ ഇംഗ്ലീഷ് മീഡിയം എൽ കെ ജി, യു കെ ജി ക്ലാസ്സുകൾ ആരംഭിച്ചു. കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഒരു പരിധിവരെ ഇത് സഹായിച്ചിട്ടുണ്ട്. സ്കൂൾ വികസന പ്രവർത്തനങ്ങൾക്ക് മുഴുവൻ നേതൃത്വം നൽകുന്നത് സ്കൂൾ എസ് എസ് ജി അംഗങ്ങളിൽ ചിലരാണ്. പി ടി എ അംഗങ്ങളിൽ 90 ശതമാനവും മത്സ്യത്തൊഴിലാളികളായതിനാൽ സ്കൂളിന് അവരുടെ സഹായം വളരെ കുറവാണ്.

നിലവിൽ 1മുതൽ 4 വരെ ക്ലാസ്സുകളിൽ 18 ആൺകുട്ടികളും 18 പെൺകുട്ടികളും പഠിക്കുന്നു. ഒരു ഫുൾടൈം അറബിക് അധ്യാപിക ഉൾപ്പെടെ 5 ആധ്യാപകരാണുള്ളത്. എച്ച് എം ഒഴികെ എല്ലാവരും വനിതകളാണ്. സ്കൂളിന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താനായി അധ്യാപകർ പല വിധത്തിൽ നൂതനപ്രവർത്തനങ്ങൾ

ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്താനായി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ക്ലബിന്റെ നേതൃത്വത്തിൽ നടത്തുന്ന വിവിധപ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കാനും അത് സ്വായത്താമാക്കാനും വളരെയെറെ സഹായിക്കുന്നു.

കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കാൻ സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറികളും സഹായിക്കുന്നു. ഒഴിവു സമയങ്ങളിൽ ക്ലാസ്സ് ലൈബ്രറിയിലെ പുസ്തകങ്ങൾ കുട്ടികൾ വായിച്ചാസ്വദിക്കുന്നു. ജെ ആർ സി യൂണിറ്റിന്റെ നേതൃത്വത്തിൽ കുട്ടികളുടെ പഠനത്തിനും, അച്ചടക്കത്തിനും ,ശുചിത്വത്തിനും, സ്വഭാവരൂപീകരണത്തിനും ഉതകുന്ന നിരവധി പ്രവർത്തനങ്ങൾ നടന്നു വരുന്നു. കോഴിക്കോട് കോർപ്പറേഷന്റെയും സ്കൂൾ എസ് എസ് ജിയുടെയും ആഭിമുഖ്യത്തിൽ എല്ലാ ക്ലാസ്സിലും എത്തുന്ന പത്രങ്ങൾ കുട്ടികൾ വായിക്കുന്നു. ദിവസവും അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്ന പത്ര ക്വിസിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന കുട്ടികൾക്ക് മാസാവസാനം സമ്മാനം നൽകുന്നു. ദിനാചരങ്ങളുടെ ഭാഗമായി റാലികൾ, സെമിനാറുകൾ ഇവ നടത്തുന്നു.

കുട്ടികൾക്ക് ഗുണമേന്മയുള്ള ഉച്ച ഭക്ഷണം നൽകി വരുന്നു. കൂടാതെ കോഴിക്കോട് കോർപറേഷന്റെ ആഭിമുഖ്യത്തിൽ പ്രഭാത ഭക്ഷണവും നൽകുന്നു. സ്കൂൾ വാർഷികം എല്ലാ വർഷവും ഗംഭീരമായി ആഘോഷിക്കാറുണ്ട്.

# കാഴ്ചപ്പാട്

ഒരു കുട്ടിയെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തനാക്കുന്നതാണ് വിദ്യാഭ്യാസം. കുട്ടിയിലുള്ള നൈസർഗികമായ കഴിവുകൾ കണ്ടെത്താനും, പരിപോഷിക്കാനും ഉതക്കുന്നകതായിരിക്കണം വിദ്യാഭ്യാസം. പരിപൂർണതയിലേക്കുള്ള മനുഷ്യമനസ്സിന്റെ പടിപടിയായുള്ള വികാസമാണ് വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കേണ്ടത് എന്നാണ് പ്രാചീനകാലം മുതൽക്കുള്ള ഭാരതത്തിന്റെ കാഴ്ചപ്പാട്. മാറി മാറി വരുന്ന സാമൂഹ്യ വ്യവസ്ഥിതിയിൽ വ്യത്യസ്ത കാലഘട്ടങ്ങളിൽ വിദ്യാഭ്യാസത്തിന് എന്നും പ്രമുഖവും പരമപ്രധാനവുമായ ഒരു സ്ഥാനാമാണുള്ളത്. ഇന്നത്തെ വിദ്യാഭ്യാസമാണ് നാളത്തെ സമൂഹത്തിന്റെ ഗുണമേന്മ നിർണയിക്കുന്നത്. അതിനാൽ കുറ്റമറ്റതും, സമ്പൂർണ്ണവും, മൂല്യാധിഷ്ഠിതവും, ആകർഷകവുമായിരിക്കണം വിദ്യാഭ്യാസം.

പഠനം ശിശുകേന്ദ്രീകൃതമായിരിക്കണം.ശിശു ഒരു ഒഴിഞ്ഞപാത്രമാണെന്നും അത് നിറയ്ക്കലാണ് അധ്യാപകന്റെ ധർമ്മം എന്നുമുള്ള ധാരണ തിരുത്തണം. നൈസർഗികമായ ഒരുപാട് സിദ്ധിവിശേഷങ്ങളുടെ ഉടമയാണ് ശിശു എന്നുള്ള ധാരണ അധ്യാപകർക്കുണ്ടാവണം. ആ തിരിച്ചറിവിലൂടെ തന്റെ ക്ലാസ് മുറികളെ സജീവവും, നൈസർഗികവുമാക്കാനുള്ള പാഠ്യപ്രവർത്തനങ്ങൾക്ക് വിഭിന്നങ്ങളായിരിക്കും. പ്രദേശികമായി ലഭ്യമായ വിഭവങ്ങളും, സൗകര്യങ്ങളും കണ്ടെത്താൻ അധ്യാപകൻ ബദ്ധശ്രദ്ധരായിരിക്കണം.

പഠനത്തോടൊപ്പം വിലയിരുത്തലും ഒരു നിരന്തരപ്രക്രിയയായിരിക്കണം. വിലയിരുത്തലിലൂടേ മാത്രമേ പാഠ്യപ്രവർത്തനങ്ങൾ ഫലപ്രദമായോ എന്ന് അധ്യാപകനും കണ്ടെത്താനാവൂ. പഠനപ്രവർത്തനങ്ങൾക്കുള്ള മാറ്റം, തുടർപഠനത്തിന്റെ ആവശ്യകത, കുട്ടിയുടെ ശേഷി കണ്ടെത്തൽ, പ്രതിഭകളെ കണ്ടെത്തൽ, അർഹമായ പ്രോത്സാഹനം നൽകൽ എന്നിവയെല്ലാം വിലയിരുത്തലിലൂടെയാണ് സാധ്യമാകുന്നത്.

പരിസ്ഥിതി സൗഹൃദമായിക്കണം വിദ്യാലയ അന്തരീക്ഷം. ജീവന്റെ അടിസ്ഥാനമായ മണ്ണ്, ജലം, വായു ഇവയുടെ പ്രാധ്യാന്യം കുട്ടികളിൽ എത്തിക്കുന്നതിന് വിദ്യാലയ പ്രവർത്തനങ്ങൾക്ക് വലിയ പങ്കു വഹിക്കാനാവും. കുട്ടിയുടെ ഭാവി ജീവിതത്തിൽ പരിസരശുദ്ധി നിലനിർത്തേണ്ടതിന്റെയും, മലിനീകരണം നിർമ്മാജനം ചെയ്യേണ്ടതിന്റെയും അവബോധം സൃഷ്ടിക്കാൻ പഠനപ്രവർത്തനങ്ങളിലൂടെ അധ്യാപകർക്ക് സാധ്യമാവണം.

ലിംഗഭേദമില്ലാതെ പൗരന്റെ അവകാശങ്ങളെയും, കടമകളെയും പറ്റി കുട്ടികളിൽ ചെറുപ്പിത്തിൽ തന്നെ ധാരണയുള്ളവാക്കണം. എല്ലാ വിദ വിദ്യാലയ പ്രവർത്തങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ അവസരങ്ങൾ നൽകാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം.

ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഉതകുന്ന വിഭിന്നങ്ങളായ പ്രവർത്തനങ്ങൾ അധ്യാപകർ ആസൂത്രണം ചെയ്യണം.

വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കളുമായുള്ള ശക്തമായ ബന്ധം നിലനിർത്താം. വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളെ പങ്കെടുപ്പിക്കാനും ആവശ്യമെങ്കിൽ പരിശീലകാരാക്കാനും അധ്യപകൻ ശ്രദ്ധിക്കണം.

സ്കൂൾ, ക്ലാസ്, ലൈബ്രറികളുടെ വാതായനങ്ങൾ പൂർണ്ണമായും കുട്ടികൾക്കായി തുറന്നിട്ടു കൊടുക്കണം.ദൈനംദിന പത്രവായന, റഫൻസ് ഗ്രന്ഥങ്ങളുടെ ഉപയോഗം , വിവിധ സാഹിത്യശാഖകളുമായിട്ടുള്ള പരിചയം, സ്വന്തം സാഹിത്യാഭിരുചി പ്രകടിപ്പിക്കൽ എന്നിവയ്ക്കുള്ള വേദികളായി ഇവയെ ഉപയോഗപ്പെടുത്തണം.

മാതൃഭാഷയോടൊപ്പം തന്നെ ഇംഗ്ലീഷ് ഭാഷയ്ക്കും താഴ്ന്ന ക്ലാസ്സ് മുതൽ പ്രാധാന്യം നൽകണം. ഇംഗ്ലീഷ് പിരീഡുകളിൽ ലളിതമായ ഇംഗ്ലീഷ് ഭാഷയിൽ മാത്രമായിരിക്കണം ആശയ വിനിമയം നടത്തേണ്ടത്. ഇംഗ്ലീഷിന്റെ പദസമ്പത്ത് വർദ്ധിപ്പിക്കാനും, ഇംഗ്ലീഷ് ഭാഷയോട് കൂടുതൽ അഭിരുചി വളർത്താനും ഇത് സഹായിക്കും. കൂടാതെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ ലഭ്യമാക്കുന്നതിനും അവസരം ഒരുക്കണം

ഗണിതപഠനം രസകരമാക്കുന്ന പ്രവർത്തനാധിഷ്ഠിത ഗണിത ക്ലാസ്സുകൾ ആയിരിക്കണം അധ്യാപകൻ ഒരുക്കേണ്ടത്. വിദ്യാലയം വിട്ട് പുറത്ത് പോകുന്ന ഓരോ കുട്ടിയും ഏറ്റവും ചുരുങ്ങിയത് സംഖ്യബോധവും, ചതുഷ്ക്രിയകളിൽ അടിസ്ഥാന പ്രാവീണ്യവും നേടിയിട്ടുണ്ടെന്ന് അധ്യാപകർ ഉറപ്പു വരുത്തണം. ഇതിനാവശ്യമായ ശില്പശാലകൾ സ്കൂളുകളിൽ സംഘടിപ്പിക്കുന്നതാണ്. ഇതിൽ വിവിധങ്ങളായ ഗണിതശാസ്ത്ര പഠനോപകരണങ്ങൾക്കും രൂപം നൽകും.

ആത്മാർത്ഥയോടെയും, അർപ്പണ മനോഭാവത്തോടെയുമുള്ള ഇത്തരം പ്രവർത്തനങ്ങൾ വഴി പൊതു വിദ്യാലയത്തെ സാമൂഹ്യപരിവർത്തനത്തിന്റെ കേന്ദ്രങ്ങളാക്കാനും, കുട്ടികളെ മാതൃകാപൗരൻമാരായി വളർത്തിയെടുക്കാനും നമുക്ക് കഴിയും.

## പൊതുലക്ഷ്യങ്ങൾ

- പഠനം പൂർണ്ണമായും ശിശുകേന്ദ്രീതമാക്കൽ
- പഠനം പരിസ്ഥിതി സൗഹൃദമായിരിക്കൽ
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ അവസരം നൽകൽ
- 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ എല്ല വിഷയങ്ങളിലെയും പഠനനേട്ടങ്ങൾ ഉറപ്പു വരുത്തൽ
- സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കാനുള്ള അവസരമൊരുക്കൽ
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലങ്ങളിൽ ഉറപ്പാക്കൽ
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കൽ
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യഫലങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്തൽ
- പ്ലാസ്റ്റിക് മുക്ത- കീടനാശിനി മുക്ത- ലഹരി മുക്ത കാമ്പസാക്കി മാറ്റൽ
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലേക്കു കൊണ്ടുവരൽ
- സ്കൂൾ വായനാശാലകളും ലബോറട്ടറികളും അധുനികവത്കരിക്കൽ
- കൗൺസിലിംങ്ങ് സൗകര്യം ലഭ്യമാക്കും
- കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഒരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റും
- വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കും
- സ്കൂൾതലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കൽ
- ലഹരി വിരുദ്ധ മനോഭാവം വളർത്തും
- ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന
- കുട്ടികളുടെ സുരക്ഷയും ആരോഗ്യവും ഉറപ്പു വരുത്തൽ
- കലാ-കായിക വിനോദങ്ങൾ പ്രത്യേക ഭൗതിക സാഹര്യവും അവസരമൊരുക്കും

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ●ഭാഷാശേഷി വികസനം<br>●ഗണിതശേഷി വികസനം<br>●ഇംഗ്ലീഷ് പഠന പരിപോഷണം<br>●ശാസ്ത്രപോഷണ പരിപാടി<br>●വായനാപരിപോഷണം<br>●ലൈബ്രറി ശാക്തീകരണം<br>●പ്രതിഭാപോഷണ പരിപാടി<br>●ലാബ്(ശാസ്ത്രം)<br>●നാടകക്കളരി<br>●ജൈവവൈവിധ്യപാർക്ക്<br>●സാഹിത്യപോഷണ പരിപാടി<br>●പഠനയാത്ര<br>●സെമിനാറുകൾ<br>●കലാ- കായിക മേള<br>●ഐ ടി പരിശീലനം<br>●അധ്യാപക ശാക്തീകരണ പരിപാടികൾ<br>●ക്ലാസ് പി ടി എ സജീവമാക്കൽ<br>●സ്കൂൾ പത്രം, മാസിക<br>●പ്രവർത്തി പരിചയപഠനം<br>●എസ് ആർ ജി ശാക്തീകരണം<br>●ശാസ്ത്രഭിരുചി വളർത്തൽ<br>●പച്ചക്കറിത്തോട്ടം, പൂന്തോട്ടം<br>●രചനാശിൽപശാല<br>●അഭിമുഖങ്ങൾ<br>●പോഷകാഹാര പരിപാടി<br>●പാവനാടക പരിശീലനം<br>●ഒറിഗാമി ശിൽപശാല<br>●ഗണിതലാബ്<br>●ഭാഷാലാബ്<br>●ബാല<br>●ബ്ലോഗ്<br>●ടേം മൂല്യനിർണ്ണയം<br>●ദിനാചരണം<br>●കായിക പഠനം<br>●റേഡിയോ ജോക്കി | ●ഗേറ്റ്<br>●ചിൽഡ്രൻസ് പാർക്ക്<br>●ക്ലാസ്സ് മുറികൾ<br>●സ്റ്റാഫ് റൂം<br>●വിശ്രമമുറി<br>●മൾട്ടിമീഡിയ റൂം<br>●ലൈബ്രറി<br>●അടുക്കള<br>●ഡൈനിംഗ് ഹാൾ<br>●അസംബ്ലി ഹാൾ<br>●മാലിന്യ സംസ്കരണം<br>●ടോയ്‌ലറ്റ്<br>●ലബോറട്ടറി<br>●ചിത്രരചന<br>●എന്റെ ചെടി എനിക്കും പറയാനുണ്ട്<br>●നീന്തൽ കുളം | ●പി ടി എ ശക്തിപ്പെടുത്തൽ<br>●എസ് എം സി, എസ് എം ബി സി കാര്യക്ഷമമാക്കൽ<br>●എസ് എസ് ജി<br>●പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>●എൽ എസ് ജി ബന്ധം<br>●ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനങ്ങൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>●ക്ലാസ് പി ടി എ മാതൃകപരമാക്കുന്നതിനുള്ള നടപടികൾ<br>●വിദ്യാലയമികവുകൾ പൊതു സമൂഹവുമായി പങ്കിടൽ<br>●വിദ്യാലയ മികവുകൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ<br>●റിസോഴ്സ് മാപ്പിംങ്ങ്<br>●ഭവന സന്ദർശനം<br>●പ്രാദേശിക പി ടി എ |

**അക്കാദമികം**

രക്ഷിതാകളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ കുട്ടികളുടെ പഠന നിലവാരത്തെ കാര്യമായി ബാധിക്കുന്നു. സ്കൂളിൽ നിന്ന് നൽകുന്ന ഗൃഹ പാഠങ്ങളും മറ്റു പ്രവർത്തനങ്ങളും ചെയ്യാൻ കുട്ടികളെ സഹായിക്കാൻ ഭൂരിഭാഗം രക്ഷിതാക്കൾക്കും കഴിയുന്നില്ല. കൂടാതെ കുട്ടികളെ കൃത്യ സമയത്ത് സ്കൂളിലെത്തിക്കാനും ചിലർ ശ്രദ്ധിക്കുന്നില്ല. വിരുന്ന്, കല്ല്യാണം തുടങ്ങിയ ആവശ്യങ്ങൾക്കായി ദിവസങ്ങളോളം കുട്ടികളെ സ്കൂളിലയക്കാത്ത രക്ഷിതാക്കളുമുണ്ട്. രക്ഷിതാക്കളുടെ ഈ അവസ്ഥയ്ക്ക് പരിഹാരം നൽകാൻ അവരെ ബോധവത്കരിക്കണം.

കുട്ടികളെ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ ഉടമകളാക്കാൻ ഐ സി ടി പഠനം വളരെ അനിവാര്യമാണ്. അധ്യാപകർക്ക് ഈ മേഖലയിൽ ഉള്ള പരിജ്ഞാനം വേണ്ടത്ര ലഭ്യമല്ല. അതിനാൽ എല്ലാ അധ്യാപകർക്കും മികച്ച രീതിയിലുള്ള ഐ സി ടി ട്രെയിനിംഗ് നൽകി അവരെ സ്വയം പര്യാപ്തരാക്കണം.

# പദ്ധതി വിശദാംശങ്ങൾ

## വിഷയം

## മലയാളം

നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പ്രധാന പ്രശ്നം എഴുത്തും വായനയുമാണ്. ഇന്നും ഉയർന്നു ക്ലാസിലെ കുട്ടികളിൽ പോലും ലേഖനത്തിൽ തെറ്റു വരുത്തുന്ന പ്രശ്നം കാണുന്നു. താഴ്ന്ന ക്ലാസ്സിൽ തന്നെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറയ്ക്കാത്തതാണ് ഇതിന്റെ മുഖ്യകാരണം . അതു കൊണ്ട് വായനയും ലേഖനവും മെച്ചപ്പെടുത്താൻ അടിയന്തിരമായി ചെയ്യേണ്ടത് താഴ്ന്ന ക്ലാസിൽ തന്നെ ചിഹ്നങ്ങളും അക്ഷരങ്ങളും ഉറപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ (പിന്നോക്കക്കാരെ തെരഞ്ഞെടുത്തതിനുശേഷം) നൽകുകയാണ്.

**നേട്ടങ്ങൾ**

- വിദ്യാരംഗത്തിന്റെ പ്രവർത്തവുമായി ബന്ധപ്പെട്ട് ഒരു മാസിക പുറത്തിറക്കിയിട്ടുണ്ട്.
- ക്ലാസിലെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ സ്വന്തമായി കഥ, കവിതാ രചനകളിൽ ഏർപ്പെടാറുണ്ട്. പതിപ്പുകൾ തയ്യാറാക്കാറുണ്ട്.
- മലയാളം കവിതാലാപനത്തിൽ എ ഗ്രേഡ് (സബ് ജില്ലാ കലോത്സവത്തിൽ ) നേടിയിട്ടുണ്ട്.
- ഐ സി ടി സാധ്യത ഉപയോഗപ്പെടുത്താറുണ്ട്
- ക്ലാസ്സ് ലൈബ്രറി ഒരോ ക്ലാസിലും സജീവമാണ്.

**പരിമിതികൾ**

- പ്രവർത്തനങ്ങൾക്കാവശ്യമായ സമയം വേണ്ടത്ര ലഭിക്കുന്നില്ല
- ഓരോ ക്ലാസിലും നേടേണ്ട ആശയങ്ങളും ശേഷികളും വേണ്ട രീതിയിൽ എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല
- രക്ഷിതാകളുടെ ജോലിത്തിരക്കും അറിവില്ലായ്മയും കാരണം വേണ്ടത്ര സഹകരണം ലഭിക്കുന്നില്ല.

**കാരണങ്ങൾ**

**കുട്ടികളിൽ**

- അക്ഷരങ്ങളിലും ചിഹ്നങ്ങളിലുമുള്ള ധാരണക്കുറവ്
- വീട്ടിൽ തുടർ പ്രവർത്തനങ്ങൾക്കുള്ള അവസരം കിട്ടുന്നില്ല
- വീട്ടിലെ സാഹര്യങ്ങൾ
- വായനയ്ക്കും ലേഖനത്തിനും വേണ്ട അവസരം ക്ലാസിൽ ലഭ്യമാകുന്നില്ല ( സമയ പരിമിതി കാരണം)

**അധ്യാപകരിൽ**

- പാഠഭാഗങ്ങളിലെ പഠന പ്രവർത്തനങ്ങളുടെ ആധിക്യം
- വിവിധ പഠനനിലവാരം പുലർത്തുന്ന കുട്ടികളെ ഒന്നിച്ചു കൊണ്ടു പോകാനുള്ള പ്രയാസം
- താഴ്ന്ന ക്ലാസുകളിൽ കുട്ടികൾ നേടേണ്ട ശേഷികൾ മുഴുവനായും നേടുന്നില്ല.

**രക്ഷിതാക്കളിൽ**

- ജോലിത്തിരക്ക് കാരണം കുട്ടിയെ ശ്രദ്ധിക്കാൻ കഴിയുന്നില്ല
- വീട്ടിലെ സാഹചര്യങ്ങൾ പഠനാന്തരീക്ഷമെരുക്കുന്നില്ല
- വിദ്യാഭ്യാസത്തിന്റെ അഭാവം

**സംവിധാനം**

- അധ്യാപക പരിശീലനങ്ങൾ വേണ്ടത്ര ഫലപ്രദമാക്കുന്നില്ല.
- ക്ലസ്റ്റർ തല ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും പ്രയോഗികമാക്കാൻ കഴിയുന്നില്ല
- പ്രത്യേക ക്ലാസ്സ് നടത്താനുള്ള സംവിധാനമില്ലായ്മ

**പരിഹാരബോധനം**

- പ്രീടെസ്റ്റ് നടത്തി കുട്ടിയുടെ നില നിർണയിക്കൽ
- അടിസ്ഥാന ശേഷികൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകൽ

- എല്ലാ കുട്ടികളെയും പരിഗണിച്ചു കൊണ്ട് പാഠാസൂത്രണം, പഠനോപകരണങ്ങളും തയ്യാറാക്കൽ
- കൂടുതൽ സമയം കണ്ടെത്തുക
- വായനാസാമഗ്രികൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുക
- ഐ സി ടി സാധ്യത ആവശ്യാനുസൃതം ഉപയോഗപ്പെടുത്തുക
- ക്ലാസ് പി ടി എ ഉറപ്പു വരുത്തുക
- വീടുകളിൽ പഠനാന്തരീക്ഷം ഉറപ്പു വരുത്താനുള്ള പ്രവർത്തനങ്ങൾ
- പഠനോപകരണങ്ങൾ വേണ്ടവിധം ഉപയോഗിക്കാനുള്ള സൗകര്യം
- റിസോഴ്സ് ടീച്ചറുടെ ക്ലാസുകൾ സംഘടിപ്പിക്കൽ

## പ്രവർത്തനപദ്ധതിയുടെ വിശകലനം

### മേഖല അക്കാദമിക ഉപപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| •വായനയിൽ അഭിരുചി വളർത്തുക | •കുട്ടികളിൽ താൽപര്യമുണർത്തുന്ന തരത്തിലുള്ള പുസ്തകങ്ങൾ, വായനാസാമഗ്രികൾ, എന്നിവ നൽകുക. നിരന്തരമായി വായിക്കാനുള്ള അവസരങ്ങൾ നൽകുക(കുട്ടികളുടെ നിലവാരത്തിന് യോജിച്ചത്) വായനയുമായി ബന്ധപ്പെട്ട മത്സരങ്ങൾ നടത്തുന്നു. | ജൂലൈ മുതൽ മാർച്ച് | എച്ച് എം, എസ് ആർ ജി കൺവീനർ ക്ലാസ് ടീച്ചർ | പുസ്തകങ്ങൾ സമ്മാനങ്ങൾ എസ് എസ് ജി 5000 |
| •ലൈബ്രറി സജീവമാക്കൽ | •എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ഒരുക്കുന്നു. പുസ്തകങ്ങൾ വായിക്കാൻ പ്രത്യേക സമയം അനുവദിക്കുന്നു. 3,4 ക്ലാസുകളിൽ എല്ലാ വെള്ളിയാഴ്ചയും പുസ്തകങ്ങൾ കുട്ടികളുടെ വീട്ടിലേക്ക് കൊടുത്തു വിടുന്നു. കുട്ടികളുടെ നിലവാ | ഒരു വർഷം | ലൈബ്രറി ചാർജ്ജുള്ള ടീച്ചർ, ക്ലാസ് ടീച്ചർ | പുസ്തകങ്ങൾ |

| | | | | |
|---|---|---|---|---|
| | രത്തിനനുയോജ്യമായ പുസ്തകങ്ങൾ തെരെഞ്ഞെടുക്കാൻ ശ്രദ്ധിക്കുന്നു. വായനാക്കുറിപ്പ് എഴുതുന്നു. അസംബ്ലിയിൽ വായിക്കുന്നു. | | | |
| •ലേഖനം മെച്ചപ്പെടുത്തൽ | •വായനാസമാഗ്രികൾ, അക്ഷരക്കട്ടകൾ, പദക്കാർഡുകൾ തുടങ്ങിയ പഠനോപകരണങ്ങളിലൂടെ ചിഹ്നങ്ങൾ അക്ഷരങ്ങൾ എന്നിവ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ ഡയറി എഴുത്ത് പ്രോത്സാഹിപ്പിക്കൽ, പേര് സ്ഥലം കളികൾ | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | പഠനോപകരണങ്ങൾ<br>പി ടി എ<br>5000 |
| •മാഗസിൻ തയ്യാറാക്കൽ | •ഓരോ ക്ലാസ്സിലും കുട്ടികളുടെ നിലവാരത്തിനനുസരിച്ചും താൽപര്യ (അഭിരുചി)ത്തിനുസരിച്ചും വിഷയങ്ങൾ തെരഞ്ഞെടുക്കുന്നു.ചിത്രങ്ങൾ, കവിതകൾ, കഥകൾ മുതലായവ കഴിയുന്നത്ര കുട്ടികളെ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. പ്രകാശനം ചെയ്യുന്നു. | ജനുവരി മുതൽ മാർച്ച് | വിദ്യാരംഗം ചാർജ്ജുള്ള ടീച്ചർ<br>ക്ലാസ് ടീച്ചർ | എ ഫോർ ഷീറ്റ് ക്രയോൺസ് കവർ തയ്യാറാക്കൽ ബൈൻഡിംഗ് എസ് എസ് ജി<br>5000 |
| •വായനാകളരി വളർത്തൽ | •ഡിസ്പ്ലേ ബോർഡ് വായിപ്പിക്കൽ, പത്രവായന, അസംബ്ലിയിൽ പത്രവായന, പദക്കാർഡ്, നിശ്ചിതവാക്കുകൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് | | ചാർട്ട്<br>5000 |
| അവതരണ മികവ് കൈവരിക്കൽ | റേഡിയോ പ്രക്ഷേപണം പരിപാടികളും അറിയിപ്പുകളും കുട്ടികൾ മൈക്കിലൂടെ അവതരിപ്പിക്കൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ് ആർ ജി കൺവീനർ സ്റ്റാഫ് | സ്പോൺസർഷിപ്പ്<br>25,000 |

# വിഷയം

## ഗണിതം

**"Mathematics is a queen of science"**

**Carl Friedrich Gauss**

ഏതെങ്കിലും ഒരു വിഷയം മാത്രം പഠിച്ചതു കൊണ്ട് ഒരാൾ ജ്ഞാനിയായിത്തീരുന്നില്ല. ആയാൽ വിവിധ വിഷയങ്ങളിൽ വിജ്ഞാനം നേടിയിരിക്കണം. ഇന്നു വിഷയങ്ങൾ പഠിക്കുന്നതിന് ഗണിത വിജ്ഞാനം വളരെയേറെ സഹായകരമാണ്. പഠിക്കുന്നതിന് ഗണിത വിജ്ഞാനം വളരെയെറെ സഹായകരമാണ്. ഇപ്പോൾ ലോകത്താകമാനം ഗണിതശാസ്ത്രം ഒരെറ്റ ശാസ്ത്രശാഖയായി നിലക്കൊള്ളുന്നുവെങ്കിൽ അതിന്റെ പിന്നിൽ ബൃഹത്തായ ചരിത്രമുണ്ട്.

"എന്റെ കുട്ടി ഗണിതത്തിൽ വളരെ മോശമാണ്" പല രക്ഷിതാക്കളുടെയും പരാതിയാണിത് .ഗണിതശാസ്ത്രം പ്രയാസമേറിയ ഒരു വിഷയമാണെന്നാണ് പൊതുവായ ധാരണ. വിരസവും കഠിനവുമായ ഒരു വിഷയമാണ് മിക്ക കുട്ടികളും കണക്കിനെ കാണുന്നത്. അതിനാൽ ഗണിതശാസ്ത്ര പഠനം ഫലപ്രദമാക്കുന്നതിൽ ചില പ്രയാസങ്ങളും പരിമിതകളും ഗണിതാധ്യാപകർ നേരിടുന്നു.കുട്ടികളിൽ ഗണിത ശേഷികൾ വളർത്തുന്നതോടൊപ്പം തന്നെ ഗണിത പഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചാൽ ഗണിതപഠനം ഒരു പരിധി വരെ സുഖകരമാക്കാം. കുട്ടിയെ കണക്കിന്റെ അത്ഭുത ലോകത്തിലേക്ക് ആത്മവിശ്വാസത്തോടെ കൈ പിടിച്ച് കൊണ്ടു വരാൻ പ്രയാസം സൃഷ്ടിക്കുന്ന വസ്തുകൾ കണക്കിലെടുത്ത് ഗണിതത്തോട് താൽപര്യം വർദ്ധിപ്പിക്കാനുള്ള ഒരു ഗണിതപഠനം സമീപനം നമുക്ക് കൈകൊള്ളാം.

**നേട്ടങ്ങൾ**

- ഗണിത പഠനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾ ഗണിത പഠനത്തിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈതാങ്ങായി അവരുടെ ഒഴിവ് സമയം ഫലപ്രദമാക്കുന്നു.

- ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ നടത്തുന്നു.

- ഗണിതത്തിൽ താൽപര്യം ജനിപ്പിക്കാനുതകുന്ന രീതിയിലുള്ള പസിലുകളും ഗെയിമുകളും നൽകുന്നു

- ഐ സി ടി സാധ്യത ഉപയോഗപ്പെടുത്താറുണ്ട്

- ഗണിതോത്സവത്തിന്റെ തുടർപ്രവർത്തനങ്ങൾ

- അധിക സമയം കണ്ടെത്തുക
- ഗണിതപഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തുക
- ഗണിതലാബ് സജ്ജീകരിക്കുക
- ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
- ക്ലാസ് പി ടി എ ഉറപ്പു വരുത്തുക
- വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള പ്രവർത്തനം
- പഠനോപകരണങ്ങൾ കുട്ടികൾക്ക് വേണ്ട വിധം ഉപയോഗിക്കാനുള്ള സൗകര്യം
- റിസോയ്സ് ടീച്ചറുടെ ക്ലാസുകൾ സംഘടിപ്പിക്കൽ
- ഐ സി ടി പരിശീലനം നൽകൽ
- ഗണിത മാഗസിൻ

## പ്രവർത്തനപദ്ധതിയുടെ വിശകലനം

### മേഖല അക്കാദമിക ഉപപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| •ഗണിതത്തിന്റ ആവശ്യകത, ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | •സെമിനാർ സംഘടിപ്പിക്കുക<br>•ഗണിത ചരിത്രത്തിന്റെ ചരിത്രവും പ്രാധാന്യവും ഗണിത ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം കുട്ടികളുമായി പങ്കുവെക്കുക | ജൂൺ മുതൽ സെപ്തംബർ | എച്ച് എം,<br>എസ് ആർ ജി കൺവീനർ<br>ക്ലാസ് ടീച്ചർ | ക്ലാസ് സംഘടിപ്പിക്കുക<br>റിസോഴ്സ് പേഴ്സൻസ്<br>പി ടി എ<br>2000 |
| •ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | •അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു.<br>•ചോദ്യാവലി ഉണ്ടാകുന്നു.<br>•പ്രീ ടെസ്റ്റ്<br>•മൂല്യനിർണ്ണയം<br>•റിസൾട്ട് രേഖപ്പെടുത്തുന്നു. | ജൂൺ<br><br><br><br><br>ജൂൺ | എച്ച് എം,<br>എസ് ആർ ജി കൺവീനർ<br>ക്ലാസ് ടീച്ചർ | വർക്ക് ഷീറ്റ്<br>ഐ സി ടി ക്ലാസ് റൂം<br><br><br>പി ടി എ<br>500 |

# വിഷയം

## പരിസരപഠനം

ശാസ്ത്രം വിജ്ഞാനത്തിന്റെ മഹാസാഗരമാണ്. മനുഷ്യന്റെ ആവശ്യങ്ങൾക്കും താൽപര്യങ്ങൾക്കും അനുസരിച്ച് ആ അറിവുകൾ ഉപയോഗപ്പെടുത്തുക എന്നതാണ്. നമ്മുടെ ശാസ്ത്രത്തിന്റെ ലക്ഷ്യം. എൽ പി ക്ലാസുകളിൽ പരിസരപഠനം എന്ന നിലയി ലാണ് ശാസ്ത്രപഠനം നടക്കുന്നത്. പരിസ്ഥിതിക്കു വേണ്ടി, പരിസ്ഥിതിയെ പറ്റി, പരി സ്ഥിതിയിലൂടെയുള്ള പഠനമാണ് പരിസരപഠനം എന്ന് നമ്മുക്ക് അറിയാം. പാഠഭാഗങ്ങ ളിലുടെ പരിസരപഠന അധ്യാപകർ കടന്നുപോകുമ്പോൾ ക്ലാസുകളിൽ അധ്യാപകർ വളരെയധികം പ്രയാസം അനുഭവിക്കുകയും പരിസരപഠന ലക്ഷ്യങ്ങൾ പ്രാവർത്തികമാ ക്കാൻ വളരെയധികം പ്രയാസമനുഭിക്കുകയും ചെയ്യുന്നു. ഈ അന്തരീക്ഷം മാറ്റി വേണ്ട പ്രശ്നപരിഹാരങ്ങൾ ചെയ്താൽ പരിസരപഠനം വളരെ സുഖകരവും രസകരവുമാ ക്കാം. പാരിസ്ഥിതിക അവബോധം, സാമൂഹ്യ അവബോധം, മാലിന്യനിർമ്മാർജന അവ ബോധം, വിമർശന അവബോധം എന്നീ കാഴ്ചപ്പാടുകൾ സമയബന്ധിതമായി ഉൾക്കൊണ്ടു കൊണ്ട് 4ാം ക്ലാസ് പൂർത്തീകരിക്കുമ്പോൾ കുട്ടിയുടെ ലെവൽ 100 ശത മാനം ഉറപ്പു വരുത്തുക എന്നതാണ് ലക്ഷ്യം.

**നേട്ടങ്ങൾ**

- ദിനാചരണങ്ങൾ ശരിയായി നടപ്പിലാക്കുന്നു
- ചുമർ മാസികൾ തയ്യാറാക്കി വരുന്നു.
- ക്വിസ്സ് മത്സരങ്ങൾ നടത്തി വരുന്നു (പൊതു വിജ്ഞാനം)
- ശാസ്ത്രപ്രദർശനങ്ങൾ നടത്താറുണ്ട്
- പരിസരവും കുട്ടിയുമായി അഭേദ്യമായ ബന്ധം സ്ഥാപിക്കാൻ കഴിയുന്നു
- കുട്ടിയുടെ നിരീക്ഷണ പാടവം വർദ്ധിക്കുന്നു.
- തന്റെ പരിസരത്തെയും സമൂഹത്തെയും അറിയാനും സ്നേഹിക്കാനും കുട്ടികളെ സന്നദ്ധരാക്കുന്നു.
- പരീക്ഷണ-നിരീക്ഷണങ്ങൾ നടത്താനും കുറിപ്പുകൾ തയ്യാറാക്കാനും കുട്ടികൾ കഴി വുള്ളവരാകുന്നു.

**പരിമിതികൾ**

- ശാസ്ത്ര പഠന ലാബില്ല

- പതിപ്പുകൾ തയ്യാറാക്കൽ
- ശിൽപശാലകൾ സംഘടിപ്പിക്കൽ
- ശാസ്ത്ര മൂല

## പ്രവർത്തനപദ്ധതിയുടെ വിശകലനം

### മേഖല അക്കാദമിക ഉപപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| •പരിസരത്തെ കുറിച്ചുള്ള അറിവുകളും ധാരണകളും വളർത്തൽ | •നിരീക്ഷണം<br>പൂക്കൾ, ചെടികൾ, പക്ഷികൾ തുടങ്ങിയവ ഒരോ ക്ലാസിവനും അനുയോജ്യമായ രീതിയിൽ<br>•പരിസരപഠന ക്ലബ് രൂപീകരണം<br>ഓരോ ക്ലാസിൽ നിന്നും 4,5 കുട്ടികളെ തെരഞ്ഞെടുക്കൽ<br>ക്ലബിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി കൊണ്ട് ക്ലാസ് തലത്തിലും സ്കൂൾതലത്തിലും പരിപാടിയിൽ പങ്കെടുപ്പിക്കൽ<br>കൃഷി<br>പരിസര ശുചീകരണം<br>പൂന്തോട്ട പരിപാലനം<br>പോസ്റ്ററുകൽ തയ്യാറാക്കൽ<br>•ജൈവവൈവിധ്യ ഉദ്യാനം<br>പൂന്തോട്ടം<br>പച്ചക്കറികൾ<br>•പ്രകൃതി പഠനയാത്ര<br>അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തലും അതിനുവേണ്ട മുന്നോരുക്കങ്ങൾ നടത്തലും | ഒരു വർഷം ജൂലൈ<br>ജൂൺ<br>പ്രവർത്തനങ്ങൾ ജൂൺ മുതൽ മാർച്ച്<br>ഒരു വർഷം<br>ജനുവരി | ക്ലാസ് ടീച്ചർ<br>എച്ച് എം, എസ് ആർ ജി കൺവീനർ ക്ലാസ് ടീച്ചർ<br>എച്ച് എം സ്റ്റാഫ് | ക്ലാസ് സംഘടിപ്പിക്കുക റിസോഴ്സ് പേഴ്സൻസ് പി ടി എ 2000<br>എസ് എസ് ജി<br>സ്പോൺസർ |
| •പ്ലാസ്റ്റിക് | •ബോധവത്കരണ പരിപാ | ജൂലൈ | | പി ടി എ |

## വിഷയം

## കലാ-കായിക പ്രവൃത്തി പരിചയ ആരോഗ്യ വിദ്യാഭ്യാസം

ആധുനിക കാലത്തെ ഉപകരണങ്ങളുടെയും സങ്കേതികവിദ്യയുടെയും ലോകത്തേക്കാണ് നമ്മുടെ കുഞ്ഞുങ്ങൾ ജനിച്ചു വീഴുന്നത്. കലാ-കായിക ആരോഗ്യ പ്രവൃത്തി പരിചയ മേഖലയിൽ നമ്മുടെ കുട്ടികൾക്ക് കഴിവു തെളിയിക്കാൻ സാഹചര്യവും അവസരവും വേണ്ടത്ര ലഭിക്കുന്നില്ല. ഗുണ നിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ സമഗ്രമായ വികാസം ഉറപ്പാക്കുകയും സർഗപരവും കലാപരവുമായ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും അവസരമെരുക്കുകയും ചെയ്യേണ്ടതുണ്ട്. ജീവിതശൈലി രോഗങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ സ്കൂൾ പ്രായം മുതൽ കളികൾക്കും വ്യായമത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ ഈ മേഖലയിലെ പ്രതിഭകളെയും നമ്മൾ കണ്ടെത്തേണ്ടതുണ്ട്.

**നേട്ടങ്ങൾ**

- പ്രവൃത്തി പരിചയം എന്ന മേഖലയിൽ പ്രത്യേക അധ്യാപികയുള്ളതിനാൽ പൂക്കൾ നിർമ്മാണം, ഒറിഗാമി പ്രവർത്തനങ്ങൾ, വെയ്സ്റ്റ് മെറ്റിരിയൽ പ്രോഡക്ട് തുടങ്ങിയവ കുട്ടികൾ നിർമ്മിക്കുന്നു.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അനുയോജ്യമായ വിശാലമായ കളിസ്ഥലമുണ്ട്
- ചിത്രം വരയ്ക്കാനും പാട്ടു പാടാനും അഭിനയം, ഡാൻസ് തുടങ്ങിയ മേഖകളിൽ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സബ് ജില്ലാ തലത്തിലും കുട്ടികൾക്ക് അവസരം നൽകി വരുന്നു.

**പരിമിതികൾ**

- അനുയോജ്യമായ കളിസ്ഥലമുണ്ടെങ്കിലും കളിയുപകരണങ്ങളുടെ അഭാവം
- പ്ലേ പാർക്കിന്റെ അഭാവം
- ചിത്രം വരയ്ക്കാനും പാട്ടുപാടാനുമെല്ലാം മുന്നിട്ടു നിൽക്കുന്ന പ്രതിഭകളായ കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കാനുള്ള സമയക്കുറവും അതിനുള്ള ഭൗതിക സാചര്യവും സ്കൂളിൽ അനുയോജ്യമല്ല
- പ്രവൃത്തി പരിചയ മേഖലയിൽ കുട്ടികൾ ഉപയോഗിക്കാനുള്ള സാധാന സാമഗ്രികളും അന്തരീക്ഷവും ലഭിക്കുന്നില്ല.

● വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിക്കൽ

● ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്ത് സമാഹരിക്കൽ

● സ്കൂൾ കോമ്പോണ്ടിൽ വിവിധ ക്ലാസുകളിലെ കായിക പരിശീലനത്തിന് അനുഗുണമാക്കി മാറ്റൽ

● പി ടി എയിൽ കുട്ടികളുടെ കലാപരിപാടി അവതരിപ്പിക്കാൻ അവസരം ഒരുക്കൽ

● അസംബ്ലി, ബാലസഭ തുടങ്ങിയവരിൽ കലാപരമായ കാര്യങ്ങൾ അവതരിപ്പിക്കാനുള്ള അവസരമൊരുക്കൽ

● രക്ഷിതാകളെ ബോധവൽകരിക്കുക

● അധികസമയം കണ്ടെത്തൽ

## പ്രവർത്തനപദ്ധതിയുടെ വിശകലനം

### മേഖല അക്കാദമിക ഉപപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| •കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനു ജീവിത ശൈലീ രോഗങ്ങൾ വരാതിരിക്കാൻ വ്യായമത്തിനും കുട്ടികൾക്കും പ്രാധാന്യം നൽകൽ | •എല്ലാ ക്ലാസുകാർക്കും എല്ലാ ആഴ്ചയിലും കായിക പരിശീലനം (രവിലെ/ വൈകുന്നേരം ലഘു ഭക്ഷണം നൽകൽ) (ഭക്ഷണം,ആഹാരക്രമം, വ്യായാമം)<br>•കായികക്ഷമത പരിശോധന<br>•കായിക മത്സരങ്ങൾ സംഘടിരപ്പിക്കൽ, നാടൻ കളികൾ പരിശീലനം ഒരോ ക്ലാസുകാർക്കും<br>•പ്ലേ പാർക്ക് ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ<br>•സമാഹരണം<br>•സ്കൂൾ സ്പോർട്സ് നടത്തൽ<br>•മികച്ച കായിക താരത്തെ | ജൂലൈ മുതൽ മാർച്ച്<br>ആഴ്ച്ചയിൽ 2 ദിവസം<br>ജൂലൈ<br>നവംബർ<br>ജൂലൈ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ<br>എച്ച് എം, എസ് ആർ ജി കൺവീനർ ക്ലാസ് ടീച്ചർ | ക്ലാസ് സംഘടിപ്പിക്കുക റിസോഴ്സ് പേഴ്സൻസ് പി ടി എ 2000<br>എസ് എസ് ജി |

# വിഷയം

# ENGLISH

## Introduction

Our students should become efficient in English. Learning English language from lower standard should be very interesting and easy for them. So, we can make it very sweet for our children. Variety of activities, Teaching –Learning material, Audio Visual Aids, English Lab and Library….etc can realise these objectives.

We have planned a variety of such programmes in the Master Plan

This is the new project that G.M.L.P.School, Elathur is going to implement in the academic year 2017-18 onwards.

**Merits**

•Achieved A grade in English Skit Presentation in Cluster level

•Under the leadership of English club variety of activities are taking place – Presenting Quotes, announcements , notice….etc in Bulletion Board, Preparation of Greeting Cards , Poster………etc, Adding more line…..etc

•English Assembly once in week

•Exhibits menu of Breafast and Noonmeal in the notice board

•Formation of per group inorder to upgrade backward students

•Utilisation of ICT in English Classes

•Create an English atmosphere in the class room

•Activites like puzzles and games inorder to arouse interest in English learning

•Students write English Diary

•Released English Magazine

•Exhibits English display boards

•Conducting English speech

•Motivate creative activities of students

•Not sending students to school regularly

•Not taking care in doing home-work

**Causes of backwardness in Academic system**

•Eventhough teacher trainings are going on, they are not effective

•Syllabus should be lighthed and more activities should be added

**Remdial Measures**

•Planning lessons and teaching materials, considering students with different level

•Measures the standard of students using Pre-Test

•Strengthen Base

•Reading English news paper and story books

•Speak only in English during English periods

•Prepration at wall- Magazines related to days of importance

•Strengthen Class P T A

•Improve learning atmosphere at home

•More teaching learning aids should be used

•Provide more ICT trainings for teachers.

| Objective | Activity | Duration | Duty | Source |
|---|---|---|---|---|
| •Develop reading habbit in English | •Reading News paper<br>•Preparing and reading English write ups in English Assembly<br>•Presenting English poems in English assembly<br>•Encourging good readers<br>•Presenting favourite stories | From June To March | H.M<br>S.R.G<br>Convenior<br>Class Teacher | S S G<br>P T A<br>2000 |